# Weekly Devotion –August 2018

## Arrogant Heart-(നിഗള ഹൃദയം)




ഭാവം മനസ്സിൽ നിന്ന് മുളച്ചു വരുന്നതാണ്. മനസ്സിന്റെ ഭാവം മുഖത്ത് പ്രത്യക്ഷ മാകുകയും ജീവിതത്തിൽ പ്രതിദ്ധ്വനിക്കുകയും ചെയ്യുന്നു. നിഗളഭാവം ഹൃദയ ത്തിൽ നിറയുന്ന വ്യക്തിയുടെ പ്രവർത്തിയും സ്വാർത്ഥതയും അഹങ്കാരമുള്ള തായിരിക്കും. അഹന്ത ഹൃദയ സിംഹാസനത്തിൽ കുടിയിരുന്നാൽ ദൈവം ഹൃദയത്തിന് പുറത്തായിരിക്കും.

യവനപുരാണത്തിലെ അതീവ സുന്ദരനായ കഥാപാത്രമാണ് നാർസി യൂസ് . പലരും അദ്ദേഹത്തിന്റെ സ്നേഹിതരാകുവാൻ ആഗ്രഹിച്ചിട്ടും നാർസി യൂസ് അഹന്തയാൽ അവരെ അവഗണിച്ചു. ജലാശയത്തിലെ തന്റെ പ്രതി ബിംബം കണ്ട് സന്തോഷിക്കുന്ന അദ്ദേഹത്തെ സ്യൂയസ് ദേവൻ കോപത്തോടെ ശപിച്ചു. 'നിഴലിനെ മാത്രം സ്നേഹിക്കുന്നവനാകട്ടെ' എന്ന് ദേവൻ നാർസിയൂസിനെ ശപിച്ചു. ഏകാന്തതയിൽ അഭയം തേടേണ്ടതായി വന്ന നിഗളി യുടെ അപകടം എത്ര ഭയാനകം . സ്വയത്തെ നിഗളമനോഭാവത്തോടെ കാണു ന്നതിന് narcissism എന്ന് പറയുന്നു.

An arrogant person behaves in a proud and superior manner, showing little consideration for others.നിഗളവും ഗർവ്വവും ഉള്ളവന്റെ പേർ പരിഹാസി എന്നാണ്. അഹങ്കാരത്തോടെ താൻ മഹാൻ എന്ന് ചിന്തിച്ച് സകലരോടും അധികാരപൂർവ്വം പെരുമാറുന്നവനാണ് നിഗള ഹൃദയമുള്ളവൻ . എസ്ഥേറിന്റെ പുസ്തകത്തിലെ ഹാമാൻ എന്ന കഥാപാത്രം ഇതിന് ഉദാഹരണ മാണ്.സങ്കീ: (40:4)ൽ നിഗളികളെ ആദരിക്കാത്തവൻ ഭാഗ്യവാൻ എന്ന് കാണാം. നിഗളികൾ എല്ലാവരും അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യണ മെന്നാണ് ആഗ്രഹിക്കുന്നത്. ഒരുവൻ ലാസറിനെപ്പോലെ പാവപ്പെട്ടവനോ , മോർദ്ദേഖായിയെപ്പോലെ നിന്ദിതനോ , ഏലിയാവിനെപ്പോലെ ഏകാകിയോ ആകാം. എന്നാൽ ഒരു യഥാർത്ഥ വിശ്വാസി ലോകപ്രകാരം വലിയവരെയോ, ധനവാൻമാരെയോ വണങ്ങാറില്ല. സകല പുളിപ്പിൽ (പാപത്തിൽ) നിന്നും അവർ ഒഴിഞ്ഞിരിക്കും.

എസ്ഥേ:(3:2-3,9)

ഹമാൻ എന്ന നിഗളി യഹൂദനായ മോർദ്ദേഖായിയേയും യിസ്രായേൽ ജനതയേയും നശിപ്പിക്കുവാൻ ഒരുങ്ങി, എന്നാൽ ദൈവം ഉള്ളലുള്ള, നിഗളിയെ ആദരിക്കാത്തവനുവേണ്ടി അവൻ ഒരുക്കിയ കഴുമരത്തിൽ അവന്റെ അവസാനം സംഭവിച്ചു. ഉപവസിച്ച് പ്രാർത്ഥിച്ച ജനത്തെ ദൈവം വീണ്ടെടുത്തു.

പാപത്തിന്റെ വികൃതമായ രൂപമാണ് അഹങ്കാരിയിൽ കാണുന്നതെങ്കിൽ, ഏറ്റവും ബീഭത്സരൂപമാണ് ആത്മീയ അഹങ്കാരിയുടേത്. നിയമാനുഷ്ടാനങ്ങളിൽ ഊറ്റം കൊണ്ടിരുന്ന പരീശന്മാരുടെയും ശാസ്ത്രീമാരുടെയും പാപം ഇതു തന്നെ ആയിരുന്നു. താൻ നീതിമാനെന്ന് പരീശൻ സ്വയം പ്രശംസിക്കുമ്പോൾ ചുങ്കക്കാരൻ താൻ പാപി എന്ന് സമ്മതിച്ച് കരുണയ്ക്കായി താഴ്മയോടെ യാചിക്കുന്നു.

Read ലൂക്കോ : (18:9-14)

സ്വന്തകഴിവിലുള്ള മതിപ്പ് നിഗള ഹൃദയമുള്ളവനാക്കിയ വ്യക്തിയാണ് നെബുഖദ്നസേർ. നിഗളത്തിന്റെ വാക്ക് വായിൽ ഇരിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിൽ നിന്ന് ശിക്ഷയുടെ ശബ്ദം അവൻ കേട്ടു.

ദാനി: (4:30-32)

നിഗളികളെ താഴ്ത്തുവാൻ അവൻ പ്രാപ്തനെന്ന് ശിക്ഷയുടെ കാലം കഴിഞ്ഞ് രാജാവു തന്നെ സുബോധത്തോടെ പറയുകയും അത്യുന്നതനായ ദൈവത്തെ വാഴ്ത്തുകയും ചെയ്യുന്നു. യേശുവിന്റെ ശിക്ഷ്യന്മാരിലും ഞാനെന്നഭാവം കാണുവാൻ കഴിയും. ഇത് നിഗളഹൃദയമുള്ളവരുടെ പ്രത്യേക സ്വഭാവമാണ്. ഒരുമിച്ചിരിക്കുമ്പോഴും ഒരുമിച്ചുള്ള യാത്രയിലും ഇവരിൽ ആരാണ് വലിയവൻ എന്ന പേരിൽ മത്സരിക്കുന്നു. ഈ സ്വഭാവം യേശുവിനെ വേദനിപ്പിച്ചിരുന്നു. വലിയവനാകുക എന്ന ചിന്ത അർത്ഥ ശൂന്യമെന്നും നിഗളമല്ല താഴ്മയാണാവശ്യം എന്നറിയിപ്പാൻ ശിഷ്യന്മാരെ അംബരപ്പിച്ചുകൊണ്ട് ഗുരു അവരുടെ പാദം കഴുകിത്തുടച്ചു.

Read യോഹ: (13:14-17)

പ്രീയ സഹോദരങ്ങളേ ! നിഗളവും ഗർവ്വവും ഉള്ളവന് പരിഹാസി എന്ന് പേർ. അവൻ ഗർവത്തിന്റെ അഹങ്കാരത്തോടെ പ്രവർത്തിക്കുന്നു എന്ന് സദൃ: (21:34)ൽ കാണാം. നിഗളിച്ചു നടക്കുന്നവരെ യഹോവ താഴുത്തുന്നു എന്ന് മനസ്സിലാക്കി നമുക്ക് നമ്മെ തന്നെ താഴ്ത്താം. ക്രൂശിലെ മരണത്തോളം തന്നെ തന്നെ താഴ്ത്തിയ സർവ്വ ശക്തന്റെ മുമ്പാകെ നമുക്ക് നമ്മെ തന്നെ താഴ്ത്താം തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും അതിനാൽ നിഗളവും അഹങ്കാരവും ഒഴിവാക്കി ക്രിസ്തുവിന്റെ പാതയിൽ യാത്ര ചെയ്യുവാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
Facebook: https://www.facebook.com/biblestudyind